## റിട്ടേണിംഗ് ഓഫീസറുടെ ഓഫീസ്
## കേരള നഴ്സസ്സ് ആന്റ് മിഡ്വൈവ്സ് കൗൺസിൽ തെരഞ്ഞെടുപ്പ്

# തെരഞ്ഞെടുപ്പ് നോട്ടീസ്

നം.ഇ.എൽ.55100/2018/എൻ.സി തീയതി : **2018, നവംബർ, 3**

1972–ലെ കേരള നേഴ്സസ്സ് ആന്റ് മിഡ് വൈവ്സ് ചട്ടങ്ങളിലെ 6–ാം ചട്ടപ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട്, 1953 – ലെ നേഴ്സസ്സ് ആക്ട് (1953–ലെ X-ാം ആക്ട്) 3–ാം വകുപ്പ് (2)–ാം ഉപവകുപ്പ് (ഡി), (ഇ) എന്നീ ഖണ്ഡങ്ങൾ പ്രകാരം കേരള നേഴ്സസ്സ് ആന്റ് മിഡ്വൈവ്സ് കൗൺസിലിലേക്ക് തെരഞ്ഞെടുപ്പ് നടത്തുന്നതിനായി കേരള നേഴ്സസ്സ് ആന്റ് മിഡ്വൈവ്സ് കൗൺസിൽ പ്രസിഡന്റ് അധികാരപ്പെടുത്തിയിട്ടുള്ള വരണാധികാരി, തെരഞ്ഞേടുക്കപ്പെടേണ്ട അംഗങ്ങളുടെ എണ്ണം അറിയിച്ചു കൊണ്ടും താഴെ പറയും പ്രകാരമുള്ള കാര്യങ്ങൾക്കായി സമയവും, തീയതിയും, സ്ഥലവും നിശ്ചയിച്ചു കൊണ്ടും ഉള്ള നോട്ടീസ്, ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു.

| | | | |
|---|---|---|---|
| എ. | തെരഞ്ഞെടുക്കപ്പെടേണ്ട അംഗങ്ങളുടെ എണ്ണം. | : | നേഴ്സസ്സ് രജിസ്റ്ററിൽ പാർട്ട് എ യിൽ രജിസ്റ്റർ ചെയ്തിട്ടുള്ള നേഴ്സുമാർ തങ്ങളിൽ നിന്നും തെരഞ്ഞെടുക്കേണ്ട ആറ് അംഗങ്ങൾ. അവരിൽ ഒരാൾ കേരള സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള ട്രയിൻഡ് നേഴ്സസ് അസ്സോസിയേഷൻ ഓഫ് ഇന്ത്യയിലെ അംഗവും, ഒരാൾ കേരള ഗവ. നേഴ്സസ് അസോസിയേഷനിലെ അംഗവും, ഒരാൾ കേരളത്തിലെ ഒരു സ്വകാര്യ ആശുപത്രിയിൽ ജോലി ചെയ്യുന്ന നേഴ്സും ആയിരിയ്ക്കേണ്ടതും ആണ്.<br>മിഡ്വൈവ്സ് രജിസ്റ്ററിൽ പാർട്ട് എ യിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മിഡ്വൈഫുമാർ തങ്ങളുടെ ഇടയിൽ നിന്നും തെരഞ്ഞെടുക്കുന്ന **ഒരാളും**, രജിസ്റ്റർ ചെയ്തിട്ടുള്ള ആക്സിലിയറി നേഴ്സ് മിഡ്വൈഫുമാർ തങ്ങളിൽ നിന്നും തെരഞ്ഞെടുക്കുന്ന **രണ്ടാളും.** |
| ബി. | നാമനിർദ്ദേശ പത്രിക ലഭിക്കേണ്ട തീയതി. | : | 2018 നവംബർ 22 നു വൈകിട്ട് 5 മണിക്ക് മുമ്പ്, റിട്ടേണിംഗ് ഓഫീസർ, കേരള നേഴ്സസ്സ് ആന്റ് മിഡ്വൈവ്സ് കൗൺസിൽ തെരഞ്ഞെടുപ്പ്, റെഡ്ക്രോസ്സ് റോഡ് തിരുവനന്തപുരം –35 എന്ന വിലാസത്തിൽ ലഭിച്ചിരിക്കണം. |
| സി. | നാമനിർദ്ദേശ പത്രികയുടെ സൂക്ഷ്മ പരിശോധന. | : | 2018 നവംബർ 26 ന് ഉച്ചക്ക് രണ്ടു മണിക്ക് റിട്ടേണിംഗ് ഓഫീസറുടെ ഓഫീസിൽ. |

| | | | |
|---|---|---|---|
| ഡി. | നാമനിർദ്ദേശങ്ങൾ പിൻവലിയ്ക്കൽ | : | 2018 നവംബർ 29 ഉച്ചക്ക് 3 മണി വരെ. |
| ഇ. | സമ്മതിദായകർക്കു വോട്ടിങ്ങ്പേപ്പർ അയ്ക്കേണ്ട അവസാന തീയതി. | : | 2019 ഫെബ്രുവരി 19 വൈകുന്നേരം 5 മണിക്ക് മുമ്പ്. |
| എഫ്. | വോട്ടിങ്ങ്പേപ്പർ തിരികെ ലഭിക്കേണ്ട അവസാന തീയതിയും സമയവും. | : | 2019 മാർച്ച് 04-ാം തീയതി വൈകിട്ട് 5 മണിക്ക് മുമ്പ് റിട്ടേണിംഗ് ഒഫീസറുടെ ഓഫീസിൽ. |
| ജി. | വോട്ട് എണ്ണൽ തുടങ്ങുന്ന ദിവസവും സമയവും. | : | 2019 മാർച്ച് 7-ാം തീയതി രാവിലെ 10 മണിയ്ക്ക് തിരുവനന്തപുരം ഗവ. നേഴ്സിംഗ് സ്കൂൾ ആഡിറ്റോറിയം. |

## പൊതു നിർദ്ദേശങ്ങൾ

1. തെരഞ്ഞെടുപ്പിൽ മത്സരിക്കുവാൻ ഉദ്ദേശിക്കുന്ന ഓരോ സ്ഥാനാർത്ഥിയും 1972-ലെ കേരള നേഴ്സസ്സ് ആന്റ് മിഡ്വൈവെസ് ചട്ടങ്ങളിലെ അനുബന്ധം 1-ലെ II-ാം നമ്പർ ഫോറത്തിൽ നാമനിർദ്ദേശ പത്രിക നൽകേണ്ടതാണ്. ഫോറം വരണാധികാരിയുടെ ഓഫീസിൽ അപേക്ഷിക്കുന്ന വോട്ടർമാർക്ക് സൗജന്യമായി ലഭിക്കും.
2. തെരഞ്ഞെടുപ്പിൽ മത്സരിക്കുവാൻ സന്നദ്ധനാണെന്ന പ്രഖ്യാപനം ഉൾക്കൊള്ളുന്ന ഓരോ നാമനിർദ്ദേശ പത്രികയും ഒരു സമ്മതിദായകൻ നിർദ്ദേശകനായും മറ്റൊരു സമ്മതിദായകൻ പിൻതാങ്ങിയതായും ഒപ്പിടേണ്ടതും, ആയത് നേരിട്ടോ തപാൽ മുഖേനയോ, **2018 നവംബർ 22-ാം തീയതി വൈകിട്ട് 5 മണിക്ക് മുമ്പായി** തിരുവനന്തപുരം റെഡ്ക്രോസ് റോഡിലുള്ള റിട്ടേണിംഗ് ഓഫീസർ, കേരള നേഴ്സസ്സ് ആന്റ് മിഡ്വൈവെസ് കൗൺസിൽ തെരഞ്ഞെടുപ്പ് ഓഫീസിൽ ലഭിക്കേണ്ടതാണ്.
3. ഓരോ സ്ഥാനാർത്ഥിയും നാമനിർദ്ദേശ പത്രികയോടൊപ്പം അമ്പതു രൂപ ഡിപ്പോസിറ്റായി നൽകേണ്ടതാണ്. തുക പണമായി കേരള നേഴ്സസ്സ് ആന്റ് മിഡ്വൈവെസ് കൗൺസിൽ രജിസ്ട്രാറുടെ പേരിൽ ഒടുക്കി അദ്ദേഹം നൽകുന്ന രസീത് നാമനിർദ്ദേശ പത്രികയോടെപ്പം വരണാധികാരിയ്ക്ക് സമർപ്പിക്കേണ്ടതാണ്.
4. ഏതൊരു സമ്മതിദായകനും ഒഴിവുകൾ ഉള്ള അത്ര എണ്ണത്തിൽ കൂടുതൽ നാമനിർദ്ദേശ പത്രികയിൽ ഒപ്പിടുവാൻ പാടുള്ളതല്ല. നാമനിർദ്ദേശ പത്രികയിൽ ഒപ്പിടുന്ന ഓരോ സമ്മതിദായകന്റെയും പേര് കേരള നേഴ്സസ്സ് ആന്റ് മിഡ്വൈവെസ് കൗൺസിൽ 2018 ജൂലൈ 16-ാം തീയതി പ്രസിദ്ധീകരിച്ച അന്തിമ വോട്ടർപട്ടികയിൽ ഉണ്ടായിരിക്കേണ്ടതാണ്. ടി. എൻ.എ. ഓഫ് ഇന്ത്യയുടെയും കെ.ജി.എൻ.എ.യുടെയും അംഗങ്ങൾക്കായി നീക്കിവെ

ച്ചിട്ടുള്ള ഒഴിവുകളിലേക്ക് മത്സരിക്കുന്ന സ്ഥാനാർത്ഥികൾ പ്രസ്തുത സംഘടനകളിലെ തങ്ങളുടെ അംഗത്വം തെളിയിക്കുന്നതിലേക്കായി അവരുടെ സംഘടന നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പോ, സംഘടനാ സെക്രട്ടറിയുടെ സാക്ഷിപത്രമോ നാമനിർദ്ദേശ പത്രിയോടൊപ്പം ഹാജരാക്കേണ്ടതാണ്. സംസ്ഥാനത്തെ സ്വകാര്യ ആശുപത്രിയിൽ ജോലി ചെയ്യുന്ന നേഴ്സിന്റെ ഒഴിവിലേക്ക് മത്സരിക്കുന്ന സ്ഥാനാർത്ഥികൾ ആശുപത്രി അധികാരിയുടെ സാക്ഷ്യപത്രം നാമ നിർദ്ദേശപത്രികയോ ടൊപ്പം ഹാജരാക്കേണ്ടതാണ്.

5. **2018 നവംബർ 22–ാം തീയതി വൈകിട്ട് 5 മണിക്കുശേഷം** ലഭിക്കുന്ന നാമനിർദ്ദേശ പത്രികകൾ നിരസിക്കപ്പെടുന്നതാണ്.
6. നാമനിദ്ദേശ പത്രികയുടെ സൂക്ഷപരിശോധനയ്ക്കായി നിശ്ചയിച്ചുട്ടുള്ള സ്ഥലത്തും സമയത്തും തീയതിയിലും, നാമനിർദ്ദേശ പത്രിക നൽകിയിട്ടുള്ള സ്ഥാനാർത്ഥികൾക്കും ഓരോ സ്ഥാനാർത്ഥിയുടേയും നിർദ്ദേശകനും, പിൻതാങ്ങിയ ആൾക്കും വരണാധികാരിയുടെ ഓഫീസിലെത്തി എല്ലാ സ്ഥാനാർത്ഥികളുടെയും നാമനിർദ്ദേശപത്രികകൾ പരിശോധിക്കാവുന്നതാണ്.
7. നാമനിർദ്ദേശത്തിന്റെ സാധുത സംബന്ധിച്ച് ഉയർന്നേക്കാവുന്ന എല്ലാ ചോദ്യങ്ങളും വരണാധികാരി തീരുമാനിക്കുന്നതും, ഇക്കാര്യത്തിൽ വരണാധികാരിയുടെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.
8. **2018 നവംബർ 29–ാം തീയതി പകൽ 3 മണിക്കു മുമ്പായി** വരണാധികാരിക്ക് എഴുതി ഒപ്പിട്ടു നൽകിയ നോട്ടീസ് മുഖാന്തിരം ഏതൊരു സ്ഥാനാർത്ഥിക്കും സ്ഥാനാർത്ഥിത്വത്തിൽ നിന്നും പിൻവാങ്ങാവുന്നതാണ്. സ്ഥാനാർത്ഥിത്വത്തിൽ നിന്നും പിൻവാങ്ങിയ സ്ഥാനാർത്ഥിയെ പിൻവാങ്ങൽ റദ്ദാക്കുന്നതിനോ, സ്ഥാനാർത്ഥിയായി പുനർനാമ നിർദ്ദേശം നൽകുന്നതിനോ അനുവദിക്കുന്നതല്ല.

അഡ്വ. പി.കെ. ഗോപിനാഥൻ നായർ

റിട്ടേണിംഗ് ഓഫീസ്

കേരള നഴ്സസ്സ് ആന്റ് മിഡ്വൈവ്സ് കൗൺസിൽ തെരഞ്ഞെടുപ്പ്

റെഡ് ക്രോസ്സ് റോഡ്
തിരുവനന്തപുരം